**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.1803      31-01-2018 ൽ മറുപടിയ്ക്ക്

**ഹജ്ജ് തീർത്ഥാടകർക്ക് ലഭിച്ചിരുന്ന കേന്ദ്ര സർക്കാർ സബ്സിഡി**

| ചോദ്യം | | മറുപടി |
|---|---|---|
| | **ശ്രീ.ഡി.കെ.മുരളി** | **ഡോ.കെ.ടി.ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| എ) | ഹജ്ജ് തീർത്ഥാടകർക്ക് ലഭിച്ചിരുന്ന കേന്ദ്ര സർക്കാർ സബ്സിഡിയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | എ) വർഷങ്ങളായി കേന്ദ്രസർക്കാർ ഹജ്ജ് തീർത്ഥാടകർക്ക് യാത്രാ ചെലവിനത്തിൽ സബ്സിഡി നൽകി വരുന്നുണ്ട്. 2017 ലെ ഹജ്ജിൽ ഒരു ഹാജിയ്ക്ക് 10750 രൂപയാണ് യാത്രാ നിരക്കിൽ ഇളവ് നൽകിയത്. ആയതിൽ തന്നെ കേന്ദ്ര ഹജ്ജ് കമ്മിറ്റി മുഖേന ആദ്യതവണ പോകുന്ന ഹാജിമാർ നടത്തുന്ന യാത്രയ്ക്ക് മാത്രമാണ് ഈ ഇളവു ലഭിക്കുന്നത്. |
| ബി) | പ്രസ്തുത തീർത്ഥാടകർക്ക് സംസ്ഥാന സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ; | ബി) ഹജ്ജ് തീർത്ഥാടകർക്ക് ഹജ്ജ് ക്യാമ്പിലെ മുഴുവൻ സേവനങ്ങളും സംസ്ഥാന ഹജ്ജ് കമ്മിറ്റി ഒരുക്കി – നൽകുന്നത് സർക്കാരിന്റെ പൂർണ സഹായത്തോടെയാണ്. ക്യാമ്പിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനു വ്യത്യസ്ത വകുപ്പുകളുമായി ഏകോപനം നടത്തുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതും ഹാജിമാരെ സഹായിക്കുന്നതിനുള്ള വോളണ്ടിയേഴ്സിനുള്ള (സൗദി) ചെലവിന്റെ പകുതി വഹിക്കുന്നതും കേരള സർക്കാരാണ്. മാത്രവുമല്ല ഹജ്ജ് കമ്മിറ്റി ഓഫീസിന്റെ ദൈനംദിന ചെലവുകൾക്കായി സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ് നൽകുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| സി) | കേന്ദ്ര സർക്കാർ ഹജ്ജ് സബ്സിഡി നിർത്തലാക്കിയത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാടെന്താണെന്ന് വെളിപ്പെടുത്താമോ; | സി) | ഹജ്ജ് സബ്സിഡി നിർത്തലാക്കിയത് സംബന്ധിച്ച് സർക്കാരിന് ഔദ്യോഗികമായ അറിയിപ്പ് ലഭിച്ചിട്ടില്ല. |
| ഡി) | കേന്ദ്ര സർക്കാരിന് എതിരായ നിലപാടാണ് സംസ്ഥാന സർക്കാരിനുള്ളതെങ്കിൽ പ്രസ്തുത നയം സംബന്ധിച്ച് എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ? | ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ